പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1284 — 03.12.2018 ൽ മറുപടിക്ക്

## അങ്കമാലി-എരുമേലി റെയിൽവേ ലൈൻ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി-എരുമേലി ശബരിമല റെയിൽവേ ലൈൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും അങ്കമാലി-ശബരി റയിൽവെക്കുവേണ്ടി എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. പ്രസ്തുത ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി 30/05/2017-ലെ സ.ഉ (സാധാ) 2457/2017/ആർ.ഡി പ്രകാരം 2 സ്പെഷ്യൽ തഹസീൽദാർ ഉൾപ്പെട്ട 2 എൽ.എ യൂണിറ്റുകൾ തുടങ്ങി ഉത്തരവായിട്ടുണ്ട്.<br>അങ്കമാലി-ശബരി റയിൽവേക്കുവേണ്ടി എറണാകുളം ജില്ലയിൽ എരമല്ലൂർ, കോതമംഗലം, മുളവൂർ, വെള്ളൂർകുന്നം, മൂവാറ്റുപുഴ, മഞ്ഞല്ലൂർ വില്ലേജുകളിൽ നിന്നായി 87.23 ഹെക്ടർ ഭൂമിയും, പെരുമ്പാവൂർ, കൂവപ്പടി, വേങ്ങൂർ വെസ്റ്റ്, അശമന്നൂർ, റായമംഗലം വില്ലേജുകളിൽ നിന്നായി 26.02.80 ഹെക്ടർ ഭൂമിയും, ചേലമറ്റം, പെരുമ്പാവൂർ, കൂവപ്പടി വില്ലേജുകളിൽ നിന്നായി 18.37.28 ഹെക്ടർ ഭൂമിയും ഉൾപ്പെടെ മൊത്തം 131.62 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. ഈ ഭൂമി 2013-ലെ എൽ.എ.ആർ.ആർ നിയമപ്രകാരം ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും 17/01/2018-ലെ G.O (P) No.6/2018/RD പ്രകാരം പ്രസ്തുത ഏറ്റെടുക്കലിന്റെ സാമൂഹിക ആഘാത പഠനം നടത്തുന്നതിനായി M/s. ഡോൺ ബോസ്കോ ആർട്ട്സ് & സയൻസ് കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 24/07/2018-ൽ കൂടിയ SLEC യോഗത്തിൽ അങ്കമാലി-ശബരി റയിൽവെക്കുവേണ്ടിയുള്ള മുഴുവൻ ഭൂമിയും റയിൽവേ ആക്ട് മുഖേന ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. റയിൽവെ അധികാരികൾ നാളിതുവരെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ടിട്ടുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല എന്നാൽ 22/11/2018-ന് M/s. ഡോൺ ബോസ്കോ |
| (ബി) ശബരി റെയിൽ സാധ്യമാക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; ഇതിന് എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | |

ആർട്ട്സ് & സയൻസ് കോളേജ്, കണ്ണൂർ പെരുമ്പാവൂർ അടിസ്ഥാനമാക്കിയുള്ള സാമൂഹിക ആഘാത പഠന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. റയിൽവെ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ സമാന്തരമായി എൽ.എ.ആർ.ആർ നിയമപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയുണ്ടായി.

കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റയിൽപാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നതിൽ രാമപുരം, കടനാട്, വെള്ളിലാപ്പിള്ളി വില്ലേജുകളിൽപെട്ട 22.19.80 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുള്ളതും സംയുക്ത സ്ഥലപരിശോധന പൂർത്തിയാക്കിയിട്ടുള്ളതും ഫണ്ടിനായി റയിൽവെയോട് അഭ്യർത്ഥിച്ചിട്ടുള്ള തുമാണ്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റയിൽവെ അധികൃതർ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (സി) എരുമേലിയിൽ നിന്നും പുനലൂർ വഴി കൊല്ലത്തേക്ക് ഈ റെയിൽവേ ലൈൻ നീട്ടുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) എരുമേലിയിൽ നിന്നും പുനലൂർ വഴി കൊല്ലത്തേക്ക് ഈ റെയിൽവേ ലൈൻ നീട്ടുന്നത് സംബന്ധിച്ച ശുപാർശ തൽക്കാലം പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ